(സി) ഗ്രാമപഞ്ചായത്തുകളിലെ ലൈബ്രറി സയൻസ് യോഗ്യതയുള്ള എത്ര ലൈബ്രേറിയൻമാർക്കാണ് മുൻസിപ്പിൽ സർക്കാർ മേഖലയിലെ ലൈബ്രേറിയൻമാർക്ക് നൽകി വരുന്ന ശമ്പള തുല്യതയും മറ്റാനുകൂല്യങ്ങളും നൽകിക്കൊണ്ട് റൂൾസ് ഉണ്ടാക്കണമെന്ന് ഹൈക്കോടതി ഉത്തരവായിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഹൈക്കോടതി വിധി ഉണ്ടായതെന്നാണ് ; ഇതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവോ ; ഇല്ലെങ്കിൽ കാരണം എന്താണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിലെയും മുൻസിപ്പൽ കോമൺ സർവീസിലേയും ലൈബ്രേറിയൻമാരുടെ നിയമനത്തിനുള്ള അടിസ്ഥാന യോഗ്യത ഒന്നു തന്നെയാണെങ്കിലും പ്രസ്തുത വകുപ്പുകളുടെ കീഴിലുള്ള ലൈബ്രറികളുടെ വലിപ്പവും ജോലി ഭാരവും വ്യത്യസ്തമായതിനാൽ നിലവിലുള്ള വ്യത്യസ്ത നിരക്കുകൾ തുടരാനാണ് 1998-ലെ ശമ്പള പരിഷ്ക്കരണ കമ്മിറ്റി ശുപാർശ ചെയ്തിട്ടുള്ളത്.

(ബി) മേൽപ്പറഞ്ഞ സാഹചര്യത്തിൽ പരിഗണിക്കാൻ നിർവ്വാഹമില്ല.

(സി&ഡി) കോട്ടയം ജില്ലയിലെ പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് ഫുൾടൈം ലൈബ്രേറിയൻ ശ്രീ. കെ. എം. ശിവരാമൻ ഫയൽചെയ്ത 2573/90-ാം നമ്പർ ഒ.പി.യിന്മേൽ ഇപ്രകാരം പഞ്ചായത്ത് ലൈബ്രേറിയൻമാർക്ക് ബാധകമാക്കത്തക്കരീതിയിൽ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന് കോടതി വിധി ഉണ്ടായി. അതിനുശേഷം ഇതേ ആവശ്യം ഉന്നയിച്ച് കേരള പഞ്ചായത്ത് ലൈബ്രേറിയൻസ് അസോസിയേഷൻ ഫയൽ ചെയ്ത 22284/99 നമ്പർ ഒ.പി.യിന്മേൽ നിയമപ്രകാരം ഇതിന്മേൽ സർക്കാർ നടപടി സ്വീകരിക്കണമെന്ന് കോടതി ഉത്തരവായി. ടി കോടതി വിധിയിന്മേൽ കേരള പഞ്ചായത്ത് ലൈബ്രേറിയൻസ് അസോസിയേഷൻ അപ്പീൽ സമർപ്പിക്കുകയും കോടതി 24-9-1999 ലെ കോടതി വിധി പ്രകാരം സർക്കാർ, 2573/90-ാം നമ്പർ ഒ.പി. യിലെ കോടതി നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ 24-9-1999 ലെ കോടതി വിധി കൈപ്പറ്റി 9 മാസത്തിനുള്ളിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അതുപ്രകാരം റൂൾസ് ഉണ്ടാക്കുന്ന നടപടി തദ്ദേശസ്വയംഭരണവകുപ്പ് സ്വീകരിച്ചു വരുന്നു.

ഓവർഡ്രാഫ്റ്റ് തിരിച്ചടയ്ക്കൽ

33 (1088) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന് റിസർവ് ബാങ്ക് അനുവദിച്ചിട്ടുള്ള ഓവർഡ്രാഫ്റ്റ് പരിധി എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓവർഡ്രാഫ്റ്റ് അടച്ചുതീർക്കാൻ എത്ര ദിവസത്തെ കാലാവധി അനുവദിക്കും ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓവർഡ്രാഫ്റ്റ് യഥാസമയം അടച്ചുതീർക്കാത്തതുമൂലം ട്രഷറി ഇടപാടുകൾ നിർത്തിവച്ച സംഭവം ഉണ്ടായിട്ടുണ്ടോ ;

(ഡി) ഒടുവിലായി സംസ്ഥാനത്ത് ട്രഷറി ഇടപാടുകൾ നിർത്തിവച്ച തെന്നാണെന്ന് വെളിപ്പെടുത്താമോ ;

(ഇ) ട്രഷറി ഇടപാടുകൾ നിറുത്തിവയ്ക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഓവർഡ്രാഫ്റ്റ് തുകയ്ക്ക് പരിധിയില്ല.

(ബി) പത്തു ദിവസത്തെ

(സി) ഇല്ല

(ഡി) 31-1-1993-ൽ

(ഇ) സാമ്പത്തിക പ്രതിസന്ധിമൂലം

ഓവർഡ്രാഫ്റ്റ് ഇനത്തിലെ കൂടിയ തുക

34(1089) ശ്രീ. കെ. ബാബു :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓവർഡ്രാഫ്റ്റ് ഇനത്തിൽ ഏറ്റവും കൂടിയ എന്തു തുകയാണ് എടുത്തിട്ടുള്ളതെന്ന് അറിയിക്കുമോ ?

ഉത്തരം

234.80 കോടി രൂപ

അഡീഷണൽ ആതറൈസേഷൻ വഴി ഫണ്ട്

35 (1090) ശ്രീ. കെ. മുഹമ്മദാലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) വിവിധ പ്രോജക്ടുകൾക്കും പി. ഡബ്ല്യൂ. ഡി. വർക്കുകൾക്കും അഡീഷണൽ ആതറൈസേഷൻ വഴി ഫണ്ട് അനുവദിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly